Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. കെ ഡബ്ല്യു എ/HO/RMC/R1/786/2020

തീയതി: 18.08.2021

**<u>സർക്കുലർ</u>**

വിഷയം:- ഇ -അബാക്കസിൽ ഫോൺ നമ്പർ അപ്ഡേറ്റ് ചെയ്യുന്നത് - സംബന്ധിച്ച്

സൂചന :- 1.18/09/2020ൽ അക്കൗണ്ട്സ് മെമ്പറുടെ അധ്യക്ഷതയിൽ കൂടിയ റവന്യൂ മീറ്റിംഗ് തീരുമാനം
2. 29/07/2021ൽ അക്കൗണ്ട്സ് മെമ്പറുടെ അധ്യക്ഷതയിൽ കൂടിയ റവന്യൂ മീറ്റിംഗ് തീരുമാനം

സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധക്ഷണിക്കുന്നു . സൂചന (1 ) പ്രകാരം നടന്ന റവന്യൂ മീറ്റിങ്ങിൽ നിലവിലുള്ള കണക്ഷനുകളിൽ ഫോൺ നമ്പറുകൾ അടിയന്തിരമായി എൻട്രി ചെയ്യണമെന്ന് തീരുമാനിക്കുകയുണ്ടായി . കേന്ദ്ര ഗവൺമെണ്ടിൻറെ EASE OF DOING നയം അനുശാസിക്കുന്ന പ്രകാരം സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഫോൺ നമ്പരുകൾ അബാക്കസ് CPL ൽ ഉണ്ടായിരിക്കുന്നത് അഭികാമ്യമെന്ന് റവന്യൂ ഓഫീസർമാർ മീറ്റിങ്ങിൽ അറിയിക്കുകയുണ്ടായി, എന്നാൽ തീരുമാന പ്രകാരം സമയ ബന്ധിതമായി ഫോൺ നമ്പറുകൾ എൻട്രി ചെയ്തതായി കാണുന്നില്ല. സൂചന (2) പ്രകാരം കൂടിയ യോഗത്തിൽ നിലവിലുള്ള 31 ലക്ഷം കണക്ഷനുകളിൽ 26 ലക്ഷം കണക്ഷനുകൾ മാത്രമേ ഫോൺ നമ്പർ അപ്ഡേറ്റ് ചെയ്തിട്ടുള്ളുവെന്ന് DBA അറിയിച്ചിട്ടുണ്ട്. എന്നിരിക്കിലും ഇരിഞ്ഞാലക്കുട ഡിവിഷനിൽ 98%ൽ കൂടുതൽ ഫോൺ നമ്പറുകൾ അപ്ഡേറ്റ് ചെയ്തു മാതൃകാപരമായ പ്രവർത്തനം കാഴ്ച വെച്ചതിനാൽ ഡിവിഷനെ യോഗം അഭിനന്ദിച്ചു. ഇരിഞ്ഞാലക്കുട ഡിവിഷന്റെ പ്രവർത്തനം മറ്റുള്ള ഡിവിഷനുകൾക്കും മാതൃകയാക്കാവുന്നതാണ്.

ലോക്ക് ഡൌൺ സമയത്തു് 100% ഫോൺ നമ്പരുകൾ ഇല്ലാത്തതു മൂലം WhatsApp മുഖേനയും അല്ലാതെയും റീഡിങ് എടുക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്.മാത്രമല്ല വാട്ടർ അതോറിറ്റി "SELF READING" ലേക്ക് മാറുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുന്ന ഈ സമയത്തു 100% ഫോൺ നമ്പരുകൾ ഇ-അബാക്കസിൽ ഉൾപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.ആയതിനാൽ ഇനിയും ഫോൺ നമ്പറുകൾ എൻട്രി ചെയ്യാത്ത ഡിവിഷനുകൾ വളരെ അടിയന്തരമായി നിശ്ചിത സമയ പരിധിക്കുള്ളിൽ (31/08/2021നു മുൻപായി ) എൻട്രി വരുത്തേണ്ടതും ബന്ധപ്പെട്ട EE/RO/AEE മാർ ഇക്കാര്യത്തിൽ ദൈനംദിന പ്രവർത്തനങ്ങൾ വിലയിരുത്തി ഉറപ്പു വരുത്തേണ്ടതും ഈ വിവരം RMC യി ൽ അറിയിക്കേണ്ടതുമാണ്. ഇതിൽ വീഴ്ചവരാതിരിക്കാൻ ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

മുൻപ് സൂചിപ്പിക്കാൻ വിട്ടുപോയ ഒരു കാര്യത്തിൽ കൂടി ശ്രദ്ധ ക്ഷണിക്കുന്നു. ഇപ്പോൾ കണക്ഷൻ എടുത്തിട്ടുള്ള വീടുകളിൽ താമസിക്കുന്നതു, അഥവാ കടകൾ ഉപയോഗിക്കുന്നത് വാടകക്കാരാണെങ്കിൽ ഉടമയുടെയും വാടകക്കാരുടെയും ഫോൺ നമ്പർ e-Abacus ൽ ഉൾപ്പെടുത്തണം, ഇത്തരം കേസുകൾ കൂടുതലായും നഗരപ്രദേശത്താണ് ബാധകമാവുക. അടുത്തകാലത്ത് വളരെ ഭീമമായ കുടിശ്ശിക വരുത്തി (leakage ഉൾപ്പെടെയുള്ള കാരണങ്ങളാൽ) ഇത് ഉടമയിൽ നിന്നും മറച്ചുവച്ചു

Draft #3 of File KWA/HO/RMC/R1/786/2020 Approved by Accounts Member on 18-Aug-2021 02:27 PM - Page 1

ഒഴിഞ്ഞുപോകുന്ന സംഭവങ്ങൾ ഉണ്ടാകുകയും, തുടർന്ന് ഉടമയിൽനിന്നും കുടിശ്ശിക പിരിക്കാനും, അവരെ ഇക്കാര്യം ബോധ്യപ്പെടുത്താനും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഇതിനായി ഇനിമുതൽ ഫോൺ നമ്പർ കളക്ട് ചെയ്യുമ്പോൾ തന്നെ ഉടമയാണോ, വാടകക്കാരനാണോ എന്ന് വ്യക്തത വരുത്തേണ്ടതാണ്. അസാധാരണമായ റീഡിങ് രേഖപ്പെടുത്തുമ്പോൾ രണ്ടു നമ്പറുകളിലും സന്ദേശം അയക്കേണ്ടതാണ്.

V. Ramasubramani .
അക്കൗണ്ട്സ് മെമ്പർ

സ്വീകർത്താവ്

എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും
എല്ലാ റവന്യൂ ഓഫീസർമാർക്കും
എല്ലാ അസ്സി.എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും

പകർപ്പ്:-

എല്ലാ ചീഫ് എൻജിനീയർമാർക്കും
എല്ലാ സൂപ്രണ്ടിങ് എൻജിനീയർമാർക്കും

Draft #3 of File KWA/HO/RMC/R1/786/2020 Approved by Accounts Member on 18-Aug-2021 02:27 PM - Page 2

The document is digitally approved. Hence signature is not needed.